




## (1) മഹല്ലിയും ഖുതുബയുടെ ഭാഷയും

വെള്ളിയാഴ്ചതോറും നടക്കുന്ന ജുമുഅ:ഖുതുബകൊണ്ട് പ്രധാനമായും ഇസ്‌ലാം ഉദ്ദേശിക്കുന്നത് ഓരോ മഹല്ലിലേയും പൊതുജനങ്ങൾക്ക് മതപരമായ കാര്യങ്ങൾ പഠിക്കാൻ അവസരമൊരുക്കുക എന്നതാണ്. അതുകൊണ്ട് തന്നെ ഖുതുബ ശ്രോതാക്കൾക്ക് മനസിലാകുന്ന, അവരുടെ ഭാഷയിലായിരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ആ ലക്ഷ്യം സാധ്യമാകൂ. എന്നാൽ നമ്മുടെ നാട്ടിലെ മുസ്‌ല്യാക്കൻമാർ പറയുന്നത് അത് ശ്രോതാക്കൾക്ക് മനസിലാകണമെന്നില്ലെന്നും ഖുതുബ എന്നാൽ കേവലം 'ദിക്ർ' മാത്രമാണെന്നുമാണ്. എന്നാൽ ഈ വാദത്തിന് സ്വന്തം മദ്ഹബിൻെറ പോലും പിൻബലമില്ലെന്നതാണ് യാഥാർത്ഥ്യം. മഹല്ലി തന്നെ പറയുന്നത് ശ്രദ്ധിക്കുക.

(മഹല്ലി പരിഭാഷ: 2/304)



— 304 —

ങ്ങളിലെന്നപോലെ — ഈ ഘട്ടത്തിലും 'ഫർളുകിഫ' [സാമൂഹ്യകട] മയാണത്.

ഖുഥുബ ചമൽക്കാര പൂർണ്ണവും, മാന്യവും, അതിന്റെ വാക്കും ആശയങ്ങളും സ്ഫുടവും ആയിരിക്കൽ സുന്നത്താണ്. എന്നാൽ മാത്രമേ അതു ഹൃദയങ്ങളിൽ ചെന്നു തറയ്ക്കുകയുള്ളൂ. ലളിതവും, മടുപ്പിക്കുന്ന കടുകട്ടിയുള്ള പദങ്ങളില്ലാത്തതുമായിരിക്കണം. കാരണം ഭൂരിഭാഗം ശ്രോതാക്കൾക്കും എന്നാൽ മാത്രമേ അതുപകരിക്കുകയുള്ളൂ. ഹ്രസ്വമായിരിക്കണം. നീണ്ടുപോയാൽ ശ്രോതാക്കൾക്ക മടുപ്പുവരും. മുസ്‌ലിം [റ] റിപ്പോർട്ടു ചെയ്ത ഹദീസിൽ പറയുന്നു—നിങ്ങൾ നിസ്കാരം ദീർഘിപ്പിച്ചുകൊൾക, പ്രസംഗം ചുരുക്കുവിൻ.'

ഇവിടെ ഖുതുബ ശ്രോതാക്കളുടെ ഹൃദയത്തിൽ തറക്കുന്നതായിരിക്കണമെന്നും, ശ്രോതാക്കൾക്ക് മടുപ്പുണ്ടാക്കുന്ന കട്ടിയുള്ള പദങ്ങൾ ഉപയോഗിക്കരുതെന്നും, വാക്കുകളും ആശയങ്ങളും സ്ഫുടമായിരിക്കണമെന്നും പ്രത്യേകം പറയുന്നു. അതിന് കാരണം പറയുന്നത്, അത് ശ്രോതാക്കളുടെ ഹൃദയങ്ങളിൽ തറക്കാനും ഭൂരിഭാഗം ശ്രോതാക്കൾക്ക് ഉപകരിക്കാനുമാണെന്നാണ്. അപ്പോൾ ഖുതുബ എന്നത് കേവലം 'ദിക്റ്' അല്ലെന്നും അത് ജനങ്ങളോടുള്ള ഉപദേശമാണെന്നും അതിനാൽ അവർക്ക് മനസിലാകുന്ന ഭാഷയിലായിരിക്കണമെന്നും മേൽ ഉദ്ധരണി വ്യക്തമാക്കുന്നു.

## (2) ഖുതുബ സാന്ദർഭികമായിരിക്കണം.

ജുമുഅ:ഖുതുബ എന്നത് ജനങ്ങളോടുള്ള ഉദ്ബോധനമാണെന്നും അതിനാൽ അത് അവർക്ക് മനസിലാകുന്നതായിരിക്കണമെന്നും നാം മനസിലാക്കി. അതുകൊണ്ട് തന്നെ ഖതീബ് തൻെറ ഖുതുബയിൽ സാന്ദർഭികമായ വിഷയങ്ങൾ കൈകാര്യം ചെയ്യണമെന്നും 'മഹല്ലി' തന്നെ വിശദീകരിക്കുന്നു. രണ്ട് പെരുന്നാൾ ഖുതുബയെക്കുറിച്ച് മഹല്ലി വിവരിക്കുന്നത് നോക്കൂ:

(മഹല്ലി പരിഭാഷ: 2/360)




— 360 —

രണ്ടു ഖുഥുബകൾക്കിടയിൽ ഇരിക്കൽ സുന്നത്തുണ്ട്. രണ്ടുഖുഥുബകൾക്കുമുമ്പു മിമ്പറിന്മേൽ ഇരിക്കൽ സുന്നത്തില്ലെന്നു പറയപ്പെടുന്നു. എന്നാൽ വിശ്രമത്തിന്നുവേണ്ടി അല്പം ഇരിക്കൽ സുന്നത്തുണ്ടെന്നാണ് അസഹ്ഹായ അഭിപ്രായം. ഖുഥുബക്കുമുമ്പ്, ഇമാം ജനങ്ങളെ അഭിമുഖീകരിച്ചു സലാം ചൊല്ലുണം. ശറഹുൽ മുഹദ്ദബിൽ പറയുന്നു: സദസ്യർ സലാം മടക്കുകയും വേണം. മുമ്പു ജുമുഅയുടെ ഖുഥുബയിൽ, പറഞ്ഞപോലെത്തന്നെയാണിതും ചെറിയ പെരുന്നാളിന്റെ ഖുഥുബയിൽ സദസ്യർക്ക് 'ഫിത്ർ' സക്കാത്തിനെപ്പററി ഉപദേശിക്കൽ സുന്നത്താണ്. ബലിപെരുന്നാൾ ഖുഥുബയിൽ, ബലിയറുക്കുന്നതിനെപ്പററിയും ഉപദേശിക്കണം. അതായത്തു അവയുടെ നിയമ വശങ്ങൾ പറഞ്ഞു കൊടുക്കണം. 'ഫിഥ്ർ' സക്കാത്തു എന്നർത്ഥമുള്ള 'ഫിഥ്റത്തു്' എന്ന ശബ്ദം അറബി ഭാഷയിൽ കടന്നു കൂടിയ പദം [മുവല്ലദ്] ആകുന്നു.

ഇവിടെ, രണ്ട് പെരുന്നാൾ ഖുതുബകളിലും അവയിലെ കർമ്മങ്ങളെക്കുറിച്ചും അവയുടെ നിയമവശങ്ങളെക്കുറിച്ചും ശ്രോതാക്കൾക്ക് പറഞ്ഞുകൊടുക്കണമെന്നാണല്ലോ പറയുന്നത്. അപ്പോൾ ഖുതുബ സാന്ദർഭികമായിരിക്കണമെന്നും അത് ജനങ്ങൾക്ക് മനസിലാവുന്നതായിരിക്കണമെന്നും ഇതറിയിക്കുന്നു.
ഇനി, ഇതേ കാര്യം മഴക്കുവേണ്ടിയുള്ള നമസ്കാരത്തിൻെറ ഖുതുബയെക്കുറിച്ച് പറയുമ്പോഴും വിശദീകരിക്കുന്നുണ്ട്. അത് കാണുക:

(മഹല്ലി പരിഭാഷ: 2/391)




ഖഥീബ്, ഖിബ്ലാക്കു മുന്നിട്ടു നിന്നു പ്രാർത്ഥിച്ച ശേഷം ജനങ്ങളെ അഭിമുഖീകരിച്ച് അല്ലാഹുവിനോടു അനുസരണയുള്ളവരായിരിക്കാൻ അവരെ പ്രേരിപ്പിക്കണം. നബി (സ) യുടെ പേരിൽ സല ത്തു ചൊല്ലുകയും, സത്യവിശ്വാസികൾക്കെല്ലാം വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. എന്നിട്ടു ഒന്നോ രണ്ടോ ഖുർആൻ സൂക്തം ഓതുകയും 'അസ്തഗ്ഫിറുല്ലാഹ, ലീ, വലകും' (എനിക്കും നിങ്ങൾക്കും വേണ്ടി ഞാൻ അല്ലാഹുവിനോടുമാപ്പു ചോദിക്കുന്നു) എന്നു പറയുകയും ചെയ്യണം.

ഇവിടെയും ഖുതുബ സാന്ദർഭികമായിരിക്കണമെന്നും ശ്രോതാക്കൾക്ക് മനസിലാകുന്ന ഭാഷയിലായിരിക്കണമെന്നും വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഇനി ഗ്രഹണ നമസ്കാരത്തിൻെറ ഖതുബയെ കുറിച്ച് മഹല്ലി തന്നെ പറയുന്നത് നോക്കൂ:

(മഹല്ലി പരിഭാഷ: 2/379)

— 379 —

നിസ്കാരം കഴിഞ്ഞാൽ ഇമാം രണ്ടു ഖുത്ബ ഓതണം. ഗ്രഹണ നിസ്കാരത്തിൽ നബിതിരുമേനി (സ) അങ്ങിനെ ചെയ്തിട്ടുണ്ടെന്നു ശൈഖാനി (റ) റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ജുമുഅയുടെ ഖുത്ബകൾക്കുള്ള ഫർളുകളെല്ലാം ഈ ഖുത്ബകൾക്കുമുണ്ട്. 'ഖിയാസാ'ണ് (തത്വാനുമാനം) ഇതിന്നാധാരം. രണ്ടു ഖുത്ബയിലും, ജനങ്ങളോടു പശ്ചാത്തപിച്ചു മടങ്ങാനും, സുകൃതം ചെയ്യാനും ഉപദേശിക്കണം. റൗളയിൽ പറയുന്നു: അടിമകളെ സ്വതന്ത്രരാക്കാനും, ദാനം ചെയ്യാനും ഉപദേശിക്കണം. അശ്രദ്ധമായ ജീവിതത്തെപ്പററിയും വഞ്ചിതരാകുന്നതിനെ സംബന്ധിച്ചും അവർക്കു താക്കീതു നൽകുകയുംവേണം. സഹീഹുൽ ബുഖാരിയിൽ അസ്മാബീവി (റ) യിൽനിന്നും റിപ്പോർട്ടു ചെയ്യുന്നു: സൂര്യഗ്രഹണ നിസ്കാരവേളയിൽ നബിതിരുമേനി [സ] അടിമകളെ സ്വാതന്ത്ര്യരാക്കാൻ ഉപദേശിക്കുകയുണ്ടായി.''




ഇവിടെയും മേൽപറഞ്ഞ കാര്യങ്ങൾ വ്യക്തമാണ്. മാത്രമല്ല മുസ്ല്യാക്കൻമാർ വാദിക്കും പോലെ ഖുതുബ അറിബിഭാഷയിൽ മാത്രമേ സാധുവാകൂ എങ്കിൽ മേൽപ്പറഞ്ഞ സാന്ദർഭിക കാര്യങ്ങൾകൊണ്ട് അറബികളല്ലാത്ത ശ്രോതാക്കൾക്ക് എന്തുപകാരം.? ആദ്യം ഉദ്ധരിച്ച ഉദ്ധരണിയിലെ 'ശ്രോതാക്കളുടെ ഹൃദയത്തിൽ തറക്കുന്നതായിരിക്കണം', 'ഭൂരിഭാഗം ശ്രോതാക്കൾക്കും മനസിലാകുന്നതായിരിക്കണം' എന്നീ പരമാമർശങ്ങൾക്കെന്ത് അർത്ഥമാണുള്ളത്?. ജനങ്ങൾക്ക് മനസിലാകാത്ത ഭാഷയിൽ ഏടുവായിച്ച് അവരെ ഉറക്കിക്കിടത്തുന്ന മുസ്ല്യാക്കൻമാർ ഇത് വ്യക്തമാക്കേണ്ടതുണ്ട്.!

## (3) ഖബർ കെട്ടിപ്പൊക്കലും അലങ്കരിക്കലും

ഖബറുകൾ മഹാൻമാരുടേതാണെങ്കിലും സാധാരണക്കാരുടേതാണെങ്കിലും ഭൂമിയുടെ വിതാനത്തിൽ നിന്നും ഒരു ചാൺ മാത്രമേ ഉയർത്താൻ പാടുള്ളൂ. അതിൽ കൂടുതൽ കെട്ടി ഉയർത്തുന്നതും അതിന്മേൽ ഖുബ്ബയുണ്ടാക്കുന്നതും കുമ്മായമിടുന്നതും അതിൻമേൽ എഴുതുന്നതുമെല്ലാം ഇസ്ലാം ശക്തിയായി വിരോധിച്ചിട്ടുണ്ട്. ഇതു സംബന്ധമായ വിരോധം നബി(സ)യിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്.
മഹല്ലി തന്നെ അക്കാര്യം വിശദീകരിക്കുന്നത് കാണുക:

(മഹല്ലി പരിഭാഷ: 2/499,500)

ഖബറിന്മേൽ കുമ്മായമിടലും അതിന്മേൽ കെട്ടിടമുണ്ടാക്കലും, അതിന്മേൽ എന്തെങ്കിലും എഴുതി വെയ്ക്കലും കറാഹത്താണ്. ഈ മസ്അലകളും, ശേഷം പറയുന്ന മസ്അലകളും പ്രത്യേകം ഉണർത്തുന്ന ചില മസ്അലകളൊഴികെ മററുള്ളതെല്ലാം—ഇമാം റാഫി (റ) പ്രസ്താവിച്ചതാണ്. ജാബിർ [റ] പറയുന്നു: ഖബറിന്മേൽ കുമ്മായമിടുന്നതും, അതിന്മേൽ കെട്ടിടമുണ്ടാക്കുന്നതും നബിതിരുമേനി [സ] നിരോധിച്ചിട്ടുണ്ട്.'' (മുസ്ലിം) തുർമുദി (റ) യുടെ റിപ്പോർട്ടിൽ ഇത്രയും കൂടിയുണ്ട്: ഖബറിന്മേൽ എഴുതുന്നതും, ചവിട്ടുന്നതും നിരോധിച്ചിട്ടുണ്ട്. ഇതു സ്വഹീഹും, ഹസനുമാണെന്നു തുർമുദി (റ) പ്രസ്താവിച്ചിട്ടുമുണ്ട്. കുമ്മായം തേക്കുന്നതിനോട് കളിമണ്ണു തേക്കുന്നതിനേയും കൂട്ടിച്ചേർത്തിട്ടുണ്ട്, ഇമാമുൽ ഹറമൈനി (റ) യും, ഗസ്സാലി (റ)യും. എന്നാൽ തുർമുദി (റ) ഇമാം ശാഫി (റ)യിൽ നിന്നുദ്ധരിക്കുന്നു കളിമണ്ണുതേക്കുന്നതുകൊണ്ടു വിരോധമില്ലെന്ന്.




കെട്ടിടമുണ്ടാക്കുക എന്നു പറഞ്ഞതിൽ, ഖുബ്ബയുണ്ടാക്കുന്നതും, വീടുണ്ടാക്കുന്നതും ഉൾപ്പെടും. എഴുതുകയെന്നു പറഞ്ഞതിൽ ഖബറിലുള്ള വ്യക്തിയുടെ പേരോ മററു പല്ലതുമോ എഴുതുന്നതും ഉൾപ്പെടും. അതു അയാളുടെ തലയുടെ ഭാഗത്തു ഒരു പലകമേൽ എഴുതിവെക്കുന്നതും, മററെന്തിലെഴുതി വെക്കുന്നതുംപെടും. ഈ വസ്തുത, ശറഹുൽ മുഹദ്ദബിൽ പറഞ്ഞിട്ടുണ്ട്''.

ഒരു 'മുസബ്ബലാ'യ*ഖബർസ്ഥാനിൽ ഒരാളുടെ ഖബറിന്മേൽ കെട്ടിടമുണ്ടാക്കിയാൽ അതു പൊളിച്ചു നീക്കണം.
* എന്നാൽ സ്വന്തം ഉടമയിലുള്ള സ്ഥലമാണെങ്കിൽ സ്ഥിതി വ്യത്യസ്തമാണ് 'മുസബ്ബലാ'യ സ്ഥലത്തു ഖബറിന്മേൽ കെട്ടിടമുണ്ടാക്കുന്നതു ഹറാമാണെന്ന് ശറഹുൽ മുഹദ്ദബിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ന് സമസ്തക്കാർ ചെയ്യുന്നതും അംഗീകരിച്ചുവരുന്നതുമായ ഖബർ കെട്ടി ഉയർത്തൽ,അതിന്മേൽ ഖുബ്ബ നിർമ്മിക്കൽ, പേരെഴുതി വെക്കൽ, കുമ്മായമിടൽ, തുടങ്ങിയ എല്ലാ സമ്പ്രദായങ്ങളേയും ശക്തിയുക്തം എതിർക്കുകയും വിരോധിക്കുകയുമാണ് ഇവിടെ മഹല്ലി ചെയ്യുന്നത്. നബി(സ)യുടെ ഹദീസു ദ്ധരിച്ചുകൊണ്ടാണി ആഹ്വാനമെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. മാത്രമല്ല, 'മുസബ്ബലാ'യ (പൊതുശ്മശാനം) ഭൂമിയിൽ ഖബർ കെട്ടിപ്പൊക്കൽ ഹറാമാണെന്നും അത് പൊളിച്ചുമാറ്റണമെന്നും പ്രത്യേകം പറയുകയും ചെയ്യുന്നു.

## (4) നബി(സ)യുടെ ഖബർ കെട്ടിപ്പൊക്കിയിട്ടുണ്ടോ?

നബി(സ)യുടെ ഖബർ കെട്ടി ഉയർത്തിയിട്ടുണ്ടെന്നും അതിൻെറ ഫോട്ടൊ ഞങ്ങളുടെ പക്കലുണ്ടെന്നും പറഞ്ഞ് കേരളത്തിലെ മുസ്ല്യാക്കൻമാർ ഏതോ ഒരു ജാറത്തിൻെറ ഫോട്ടോയും പൊക്കിപ്പിടിച്ച് നടക്കാറുണ്ട്. അതിന് താഴെ 'റൗളാ ശരീഫ്' എന്ന് എഴുതിപ്പിടിപ്പിക്കയും ചെയ്തിട്ടുണ്ട്. ഇവരുടെ ധാരാളം പ്രസിദ്ധീകരണങ്ങളിൽ അത് അടിച്ചുവിടുകയും ചെയ്തിട്ടുണ്ട്. പലരും ഈ വ്യാജഫോട്ടോ ഫ്രെയിം ചെയ്തു സൂക്ഷിക്കുകയും വ്യാപകമായി വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ ഈ 'കള്ളജാറം' മുസ്ല്യാക്കൻമാരുടെ സ്വന്തം സൃഷ്ടിയാണെന്നും, നബി(സ)യുടെ ഖബർ ഒരു ചാണിൽ കൂടുതൽ ഉയർത്തിയിട്ടില്ലെന്നും ഇവർ തന്നെ പള്ളി ദർസുകളിൽ ഓതി പഠിപ്പിക്കുന്ന പ്രസിദ്ധ ഗ്രന്ഥമായ മഹല്ലിയിൽ പോലും വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത ഉദ്ധരണി കാണുക.

(മഹല്ലി പരിഭാഷ: 2/470,471)




— 470 —

പിന്നെ മൺവെട്ടികൊണ്ടുവേഗം മണ്ണിട്ടു തീർക്കണം. ഒടുവിൽ ഖബർ ഒരു ചാൺ മാത്രം ഉയർത്തിനിർത്തണം. തിരിച്ചറിയാൻ വേണ്ടിയാണത്. സിയാറത്തു ചെയ്യാനും ഖബറിനെ ആദരിക്കാനും അതുപകരിക്കും. ജാബിർ (റ)ൽ നിന്നു ഇബ്നു ഹിബ്ബാൻ(റ) റിപ്പോർട്ടു ചെയ്യുന്നു—നബി തിരുമേനി (സ) യുടെ ഖബർ ഏകദേശം ഒരു ചാൺ ഉയർത്തിയിരുന്നു."

സത്യനിഷേധികളുടെ നാട്ടിൽവെച്ച് ഒരു സത്യവിശ്വാസി മരിച്ചാൽ അയാളുടെ ഖബർ ഇങ്ങിനെ ഉയർത്തരുത്. ഖബർ മറച്ചുവെക്കുകയാണ് വേണ്ടത്. സത്യവിശ്വാസികൾ തിരിച്ചുപോന്നാൽ അവർ കാണാതിരിക്കാനാണത്.

സഹീഹായ അഭിപ്രായത്തിൽ ഖബർ പരത്തിക്കൂട്ടലാണ് ഏരിയാക്കുന്നതിനേക്കാൾ ഉത്തമം. നബിതിരുമേനി (സ)യുടെയും തൻെറ രണ്ടു കൂട്ടുകാരുടേയും ഖബർ അങ്ങനെയാണ് ചെയ്തത്. ഖാസിമിബ്നു മുഹമ്മദ് (റ) അതിന്നു ദൃക്സാക്ഷിയാണെന്നു 'സഹീഹാ'യ നിവേദക പരമ്പരയിലൂടെ അബൂദാവൂദ്(റ) റിപ്പോർട്ടു ചെയ്തിട്ടുണ്ട്. രണ്ടാമത്തെ അഭിപ്രായത്തിൽ ഏരിയാക്കലാണ് ഉത്തമം. കാരണം, പരത്തിക്കൂട്ടൽ 'റാഫിളി'കളുടെ ചിഹ്നമായിത്തീർന്നിരിക്കുന്നു. അതിനാൽ അവരുമായി വ്യത്യസ്തമാകാൻവേണ്ടി ആ ചിഹ്നം ഒഴിവാക്കണം. മാത്രമല്ല മയ്യിത്തും അതിൻെറ വീട്ടുകാരും ബിദ്അത്തുകാരാണെന്ന തെററിദ്ധാരണയുണ്ടാകാതിരിക്കാനും അതു ഉപകരിക്കുംപോലും. എന്നാൽ ഈ ന്യായീകരണത്തിന്നു നൽകേണ്ട മറുപടി ഒരു സുന്നത്തു ബിദ്അത്തുകാർ ചെയ്യുന്നുണ്ടെന്നുവെച്ച് അതു ഉപേക്ഷിക്കാൻ പററുകയില്ലെന്നുള്ളതാണ്.

നോക്കൂ! ഇവിടെ നബിതിരുമേനി(സ)യുടെ ഖബർ ഒരു ചാൺ മാത്രമാണ് ഉയർത്തിയിരുന്നതെന്നും, അതിൽ കൂടുതൽ കെട്ടി ഉയർത്തിയിട്ടില്ലെന്നതിന് സ്വഹാബികൾ അതിന് സാക്ഷികളാണെന്നും മഹല്ലി പ്രഖ്യാപിക്കുന്നു. ഇനിയും നബി(സ)യുടെ പേരിൽ കള്ളജാറം ആരോപിക്കുകയും, കള്ളഫോട്ടോകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നവർ നബി(സ)യുടെ വിരോധികളും ഇസ്ലാമിൻെറ ശത്രുക്കളുമാണെന്ന കാര്യം തീർച്ചയാണ്.

തുടരും..